"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - അഗസ്ത്യാർകൂടം സീസണൽ ട്രക്കിംഗ് 2024 - സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.12/2024/F&WLD തീയതി,തിരുവനന്തപുരം, 06-01-2024

---

1. സ.ഉ. (സാധാ) നം.5/2019/വനം തീയതി 04/01/2019

പരാമർശം:-
1. സ.ഉ. (സാധാ) നം.579/2022/വനം തീയതി 27/12/2022.
2. സ.ഉ. (സാധാ) നം.165/2023/വനം തീയതി 17/04/2023.
3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 28/12/2023-ലെ WL6-16257/2022 നമ്പർ കത്ത്.

ഉത്തരവ്

അഗസ്ത്യാർകൂടം സീസണൽ ട്രക്കിംഗ് 2024-മായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 2024 വർഷത്തെ അഗസ്ത്യാർകൂടം സീസണൽ ട്രെക്കിങ്ങ് നടത്തേണ്ട തീയതി, ജനുവരി 24 മുതൽ മാർച്ച് 2 വരെ ആയിരിക്കുന്നതാണ്.
2. 2024 വർഷത്തെ ട്രെക്കിങ്ങ് ഓൺലൈൻ റെജിസ്ട്രേഷൻ 2024 ജനുവരി 10 മുതൽ, ഒരു ദിവസം 70 പേർ എന്ന കണക്കിൽ തുടങ്ങാവുന്നതാണ്.
3. ബുക്കിങ് കാൻസലേഷൻ ഉൾപ്പെടെ പരമാവധി സീറ്റ് ലഭ്യതക്ക് അനുസരിച്ച്, ഓരോ ദിവസവും 30 പേരിൽ അധികരിക്കാതെ ഓഫ്‌ലൈൻ ബുക്കിംഗ് തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡന് അനുവദിക്കാവുന്നതാണ്. ഓഫ് ലൈൻ ബുക്കിംഗ്, ട്രെക്കിങ്ങ് തീയതിക്ക് ഒരു ദിവസം മുൻപ് മാത്രമേ നടത്താൻ പാടുള്ളൂ.
4. ട്രെക്കിങ്ങ് ഫീസ്, ഭക്ഷണം ഇല്ലാതെ ഇക്കോ ഡെവലപ്മെന്റ് ചാർജ്ജ് അടക്കം 2500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ ) ആയിരിക്കുന്നതാണ്.
5. ഒരു ദിവസം അഗസ്ത്യാർകൂടം ട്രെക്കിങ്ങിന് പരമാവധി ബുക്കിങ് കാൻസലേഷൻ സീറ്റ് അടക്കം 100 പേരിൽ കൂടുതൽ അനുവദിക്കാൻ പാടില്ല.
6. 14 വയസ്സുമുതൽ 18 വയസ്സിൽ കുറഞ്ഞ പ്രായമുള്ളവരെ രക്ഷാകർത്താവിനോടൊപ്പമോ രക്ഷാകർത്താവിന്റെ അനുമതി പത്രത്തോടൊപ്പമോ അല്ലാതെ റെജിസ്ട്രേഷൻ അനുവദിക്കുന്നതല്ല.
7. ട്രെക്കിങ്ങിൽ പങ്കെടുക്കുന്നവർ ഏഴ് ദിവസത്തിനകം എടുത്ത മെഡിക്കൽ ഫിറ്റ്നസ്

സർട്ടിഫിക്കറ്റ് ട്രക്കിങ് ആരംഭിക്കുന്നതിന് മുൻപായി ഹാജരാക്കണം.

8. ഓൺലൈൻ രജിസ്ട്രേഷന്, പങ്കെടുക്കുന്ന ആളുടെ ഫോട്ടോയും സർക്കാർ അംഗീകരിച്ച ഐഡി കോപ്പിയും ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് തന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
9. ഫസ്റ്റ്എയിഡ് കിറ്റ്, പേർസണൽ ആക്സിഡന്റ് ഇൻഷുറൻസ് എന്നിവ ഉറപ്പുവരുത്തണം.
10. പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ആക്രമണ സാധ്യത തുടങ്ങിയ സാഹചര്യത്തിൽ, ഏത് സമയത്തും ട്രെക്കിങ്ങ് നിറുത്തി വയ്ക്കാൻ വകുപ്പിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എ, ബി, പി), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)
വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
കരുതൽ ശേഖരം/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Anjaly Devi A G
Date: 06-01-2024 17:02:45
സെക്ഷൻ ഓഫീസർ

പകർപ്പ് :- വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.